

പുത്തനുണർവ്വ്
New Awakeness
little KITEs
Little Kites 2018-19
VANNERY HSS

# പുത്തനുണർവ്വ്

*പ്രിയപ്പെട്ട കൂട്ടുകാരെ*

*ലിറ്റിൽ കൈറ്റ് അംഗങ്ങൾ പുറത്തിറക്കുന്ന വന്നേരി സ്കൂളിലെആദ്യത്തെ ഡിജിറ്റൽ മാഗസിൻ "പുത്തൻ ഉണർവ് "(New Awakness)...............*

*എന്തെല്ലാം കാഴ്ചകൾ നാം ദിവസവും കാണുന്നു.എത്രതരം ശബ്ദങ്ങൾ കേൾക്കുന്നു എത്രയെത്ര അനുഭവങ്ങളിലൂടെ കടന്നു പോകുന്നു.*

*കണ്ടതും കേട്ടതും അനുഭവപ്പെട്ടതുമെല്ലാം എന്തെന്നും എങ്ങനെയെന്നും ആലോചിക്കുമ്പോഴാണ് നാം നമ്മുടെ പഠനം ആരംഭിക്കുന്നത്. ക്ലാസ്സ്മുറിയിൽ നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങുന്നതല്ല അത്.നമ്മൾ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളിൽ നിന്നും ഒരു സമൂഹം സൃഷ്ടിക്കാൻ നമുക്ക് കഴിയട്ടെ...........*

# വന്നേരി നാട്

**സ്കൂളിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് പാടിയ ഗാനമാണിത്. ഇതിന്റെ രചന നിർവ്വഹിച്ചിരിക്കുന്നത് സ്കൂളിലെ അദ്ധ്യാപകനായ അബ്ദുൽ റസാക്കാണ്.സംഗീതം നിർവഹിച്ചിരിക്കുന്നത് അദ്ധ്യാപകനായ ജോയ് മാധവനാണ്. ഈ ഗാനത്തിന്റെ എല്ലാ മേഖലയിലും പ്രവർത്തിച്ചിരിക്കുന്നത് ഈ സ്കൂളിലെഅദ്ധ്യാപകരും വിദ്യാർത്ഥികളും ആണ് എന്നതാണ് ഈ ഗാനത്തിന്റെ പ്രത്യേകത.**



വന്നേരി നാട്,വന്നേരി നാട്
അതിനൊരു തിലകക്കുറിയായ്
തിളങ്ങിനിൽക്കും നമ്മുടെ വിദ്യാലയം
വിദ്യകൾ തേടിവന്നവർ അറിവിൻ മുത്തുകളണിഞ്ഞവർ
ദിക്കുകൾ താണ്ടി വന്നവർ വിജയം കൊയ്തെടുത്തവർ
സംസ്കാര തനിമയേകുമീ വന്നേരിനാട്
അതിലക്ഷരം പൂത്തുലഞ്ഞ പോലെന്റെ വിദ്യാലയം
വന്നേരി നാട് വന്നേരി നാട് അതിലൊരു
അനുപമധന്യമാം അറിവിൻ ഉറവിടം
നമ്മുടെ വിദ്യാലയം
നന്മകൾ പൂക്കും മണ്ണിതിൽ വിരിയും ആയിരം താരകൾ
ഒരമ്മതൻ മക്കളെന്നപോൽ കഴിയുമക്ഷരവീടിത്
മലയാളഭാഷ തൻ കണിയിത് വന്നേരി നാട്
അതിലായിരം കൊന്നപൂത്തപോൽ എന്റെ വിദ്യാലയം
വന്നേരി നാട് വന്നേരി നാട് അതിലൊരു
അക്ഷയഖനിയായ് വിളങ്ങി നിൽക്കും
നമ്മുടെ വിദ്യാലയം

| പത്രാധിപസമിതി | |
|---|---|
| **ഹാഷിം**<br>(ചീഫ് എഡിറ്റർ )<br><br>**മുഹ്സിന .വി**<br>(എഡിറ്റർ - ഇൻ - ചാർജ് )<br><br>**മുഹ്സിന**<br>**ഷഫ്ന ഷെറിൻ**<br>**ഫബിത .ടി**<br>**ഫാത്തിമ . വി**<br>**നാശിഫ്**<br>**അസ് ലം**<br>**ഉനൈസ്**<br>**ഹിലാൽ**<br>**ഹാഷിം**<br>(ടൈപ്പിംഗ്)<br><br>**മുഹ്സിന .വി**<br>(രൂപകൽപന) | **പുത്തനുണർവ്**<br>മുഹ്സിന . വി<br>**എന്റെ വിദ്യാലയം**<br>മുഹ്സിന .വി<br>**ജീവചരിത്രകുറിപ്പ്** -കാട്ടുമാടം നാരായണൻ<br>ഫാത്തിമ . വി<br>**കവിത**<br>മാഞ്ഞുപോയി പ്രകൃതി - ശിവപ്രിയ<br>ദീപോൽസവം - ശ്രീലക്ഷ്മി<br>ഇന്നത്തെ കേരളം - അശ്വനി<br>റംസാൻ നിലാവ് - ഫെബീന<br>ഓർമകൾ കവർന്നെടുത്ത ഉൽസവരാവ് - ജ്യോതി ലക്ഷ്മി<br>സൗഹൃദം - ഫസ്ന<br>ഉൽസവം - അജന്യ<br>ഇനിയെന്ത് - നന്ദന<br>പ്രണയിനി - തേജസ്<br>**പത്രം**<br>ദർപ്പണം<br>**കഥ**<br>കണ്ണീരിൽ മുങ്ങിയ പ്രളയം - ആർദ്ര ലക്ഷ്മി<br>പ്രളയം - മുഹ്സിന .വി<br>ദുരന്തത്തിനിടയിലെ സ്നേഹസമ്മാനം - ശ്രീലക്ഷ്മി |

| | |
|---|---|
| | |
| | **ചരിത്രം**<br><br>വന്നേരി നാട് - ഷഫ് ന ഷെറിൻ<br>**കുറിപ്പ്**<br>കംമ്പ്യൂട്ടർ , ഇന്റർനെറ്റ് - മുഹ്സിന .വി<br>**പഴഞ്ചൊല്ലുകൾ**<br>ഫബിത ടി<br>**കടങ്കഥകൾ**<br>ഉനൈസ്<br>**ശൈലികൾ**<br>ഫബിത . ടി |



ജിംസി. ജെയിംസ്
പ്രിൻസിപ്പൽ



കുഞ്ഞിമോൻ.എം.വി
ഹെഡ്മാസ്റ്റർ

# സ്കൂൾ പാർലമെന്റ് പ്രതിനിധികൾ



അജ്മൽ

10 .A

(സ്കൂൾ ലീഡർ)



സുഹൈൽ

+2 സയൻസ്

(ചെയർ മാൻ)



ശ്രീഹരി

5.A



ഹിജാൻ

5 .B



സിനാൻ

5 .C



അമൃത

6 . A



സിനാൻ

6 . C









| ഗോപി കൃഷ്ണ 7 .A | നിസാമുദ്ദീൻ 7 . B | അക്ഷയ് 7 .C | അൻസിൽ 7 . D |
|---|---|---|---|


| പൂജ 8 .A | അജന്യ 8 .B | സാമ്വൽ 8 . C | അൻഷിദ 8 . D |
|---|---|---|---|

| ഷാഫി 8 .E | ഷുഹൈബ് 8 . F | ഷിഫാന 8 . G |
|---|---|---|

| ഹിലാൽ 9 . A | ശംനാത് 9 . B | നൈസാം 9 . C | ജുനൈഫ് 9 . D |
|---|---|---|---|

ശംസുദ്ദീൻ 9 . E

റിൻഷാദ് 9 . F

ഷർഹബിൻ 9 . G






അൽഫാസ് 10 .B

ജസ് ന 10 .C

ബാസിൽ 10 .D

ഗോകുൽ 10 . E






ദിയൂഫ് 10 . F

സഹീർ 10 . G

സിനാൻ +1 Science

ഉമ്മർ നാസിം +1 Commerce



അതുൽ

+2 Commerce



*മുഹ്സിന . വി*
*IX.A*

*ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് മെമ്പേർസ് ആണ് .ലിറ്റിൽ കൈറ്റ് ഉത്ഘാടനം കഴിഞ്ഞത് 6-7-2018 -നാണ് .ഉൽഘാടനം ചെയ്തത് പി . കുഞ്ഞുമോൻ മാസ്റ്ററാണ് . സ്വാഗത പ്രസംഗത്തിനായി ശ്രീകുമാർ സാറും ഉണ്ടായിരുന്നു . ആദ്യമായി ഞങ്ങൾ - ക്ക് ക്ലാസെടുത്തത് കൈറ്റ് മാസ്റ്റർ ട്രെയ്നർ ഷോജ ടീച്ചറാണ്. ഷോജ ടീച്ചർ ഞങ്ങൾക്ക് HI-TECH നെ കുറിച്ചും LITTLE KITEs നെ കുറിച്ചും വ്യക്തമായി പറഞ്ഞുതന്നു . ഞങ്ങളെ പോലെ ഒരുപാട് സ്കൂളിൽ LITTLE KITEs പ്രവർത്തിച്ചു വരുന്നുണ്ട്. ലിറ്റിൽ കൈറ്റിൽ 40 വിദ്യാർത്ഥികളുണ്ട് .ഞങ്ങളുടെ കൈറ്റ് മാസ്റ്റേർസ് നന്ദിനി ടീച്ചറും ,ഇ ന്ദു ടീച്ചറും ആണ്. ഏതാണ്ട് 40,000 സ്കൂളുകൾ HI-TECH ആക്കി കഴിഞ്ഞു . വളരെ രസകരമാണ് ലിറ്റിൽ കൈറ്റ് . ഞങ്ങളുടെ ലീഡർ ഹാഷിം ആണ് . ലിറ്റിൽ കൈറ്റ് കൊണ്ട് ഒരുപാട് ഉപകാരങ്ങൾ ഞങ്ങൾക്ക് ഉണ്ടാവും . ലിറ്റിൽ കൈറ്റ് കൊണ്ട് ഞ*

*ങ്ങൾ മുന്നേറികൊണ്ടിരിക്കും . കൈറ്റ് എന്ന പേരിന് ഒരു അർത്ഥം കാണിച്ചുതരും . ഞങ്ങൾ പട്ടം പോലെ പറന്നു കൊണ്ടിരിക്കും . ഒരിക്കലും വീഴാതെ .*

# ദീപോത്സവം



***ശ്രീലക്ഷ്മി***
***X .B***

*തൈമാസ രാവിലായ് വന്നു ചേരുന്നൊരു*
*നിറമഴ പെയ്യിക്കും ദീപാവലി*
*ആയിരം പൂർണ്ണചന്ദ്രന്മാർ ഉദിച്ചപോൽ*
*ഭംഗി നൽകുന്നതാണീ വിസ്മയം*
*ഉമ്മറപ്പടി മുതൽ വീടിന്റെ ഉൾവരെ*
*ദീപങ്ങളാൽ നിറഞ്ഞ ശോഭ*
*ആരെയും വിസ്മയം കൊള്ളിക്കും ദീപങ്ങൾ*
*എൻ ഉമ്മറപ്പടിയിൽ ഞാൻ നിരത്തിവെച്ച*
*തിരിയിട്ട് കത്തിക്കാനൊരുങ്ങുന്ന നേരത്ത്*
*എന്തെന്നറിയാത്ത ഒരുത്സാഹമെന്നുള്ളിൽ*
*അടക്കാൻ കഴിയാത്ത ആഹ്ലാദത്തെ ഞാൻ*
*നൃത്തം ചവിട്ടിക്കളഞ്ഞ നേരം*



*പുത്തനുടുപ്പിട്ട് കളിക്കുന്ന നേരത്ത്*
*അച്ഛനെനിക്കായ് നൽകീ നിറമാർന്ന*
*പൂത്തിരി മത്താപ്പ് മാലപ്പടക്കം*
*ചേട്ടനോരോന്നായ് കത്തിച്ച് വിടുമ്പോൾ*
*അത്ഭുതമെന്നപോൽ നോക്കി നിന്നുപോയി*
*ആശ്ചര്യമാർന്ന ആ കാഴ്ചകൾ*

# എന്റെ സ്വപ്നനഗരിയിലേക്കുള്ള യാത്ര



നന്ദന . സി
IX . A

വളരെയധികം ആകാംക്ഷയാലും ആഹ്ലാദത്താലും നിറഞ്ഞ എന്റെ മനസ്സിനെ എനിക്ക് തന്നെ നിയന്ത്രിക്കാനായില്ല .എന്റെ ചെറുപ്പം മുതലുള്ള ഒരാഗ്രഹമാണ് കേരളത്തിന്റെ ദൃശ്യമനോഹാരിതയെ തൊട്ടറിയാനുള്ള യാത്ര . എന്റെ നാവിൽ എന്നും നില നിന്നിരുന്ന ,ഞാൻ പോകാൻ ഏറെ കൊതിച്ചിരുന്ന എന്റെ സ്വപ്നനഗരിയിലേക്കുള്ള യാത്ര , മൂന്നാർ

ഏകദേശം 7-30 ന് വീട്ടിൽ നിന്ന് ഇറങ്ങി . സ്കൂളിൽ എത്തിയ എനിക്ക് എന്റെ കൂട്ടുകാരികളെ കണ്ടപ്പോൾ സന്തോഷം അടക്കാനായില്ല . അൽപസമയത്തിന് ശേഷംമില്ലി ടീച്ചറും,പ്രസന്ന ടീച്ചറും ,ഓമന ടീച്ചറും
വന്നെത്തി . സിദ്ദീഖ് സാറും , അറഫാത്ത് സാറും സ്കൂളിൽ മുൻപേതന്നേ എത്തിയിരുന്നു . യാത്രക്കുള്ള എല്ലാ തയ്യാറെടുപ്പും ടീച്ചേർസ് പൂർത്തിയാക്കി . യാത്രയ്ക്ക് രണ്ട് ബസ് ഉണ്ടായിരുന്നു . അതിൽ ചെറിയ ബസ്സിലായിരുന്നു ഞങ്ങളുടെ യാത്ര . ഞങ്ങളോടൊപ്പം പ്രസന്ന ടീച്ചറും , ഓമന ടീച്ചറും , അറഫാത്ത് മാഷും പങ്കുചേർന്നു . ഏകദേശം
9.15-ഓടെ ഞങ്ങൾ വലിയ ഒരു ശബ്ദാവലിയോടെ യാത്ര ആരംഭിച്ചു . കുറച്ചു നിമിഷങ്ങൾ ഒതുങ്ങിയിരുന്നെങ്കിലും പിന്നെ പാട്ടിന്റെ ഈണങ്ങൾ എന്നെ അനുവദിച്ചിരുന്നില്ല . പാട്ടിന്റെ വേഗതും താളവും എന്നിൽ ഒരു ലഹരി പോലെ പടർന്നു . എല്ലാ കുട്ടികളും ചേർന്ന് ഒരു കരഘോഷം തന്നെ കൊച്ചു ബസ്സിനുള്ളിൽ പടർത്തി . അപ്പോഴും പുറത്തേ കാഴ്ചകളിലേക്കൊന്നും എന്റെ മനസ്സ് എന്നെ എത്തിച്ചില്ല . ഏകദേശം മൂന്നര മണിക്കൂറോളം ആ ആരവങ്ങൾ നിലനിന്നിരുന്നു . അതിനിടയിൽ യാത്രക്ക് ഇരട്ടിമധുരമേകാൻ ഇന്ദു ടീച്ചറും പങ്കുചേർന്നു . ഏകദേശം 4-15- ഓടെ അടിമാലിയിലെത്തി . അവിടെയായിരുന്നു ഞങ്ങൾക്ക് വിശ്രമിക്കാനുള്ള മുറികൾ എടുത്തിരുന്നത് . അവിടെ നി - ന്ന് ലക്ഷ്യസ്ഥാനത്തേക്ക് മണിക്കൂറോളം യാത്ര ഉണ്ടായിരുന്നു . അതിരാവിലത്തെ കഠിന ശൈത്യം കാരണം കുറച്ച് വിശ്രമിച്ചിട്ടേ പോയൊള്ളൂ . ഞങ്ങളുടെ റൂമിൽ അഞ്ചു കുട്ടികളുണ്ടായിരുന്നു . വളരെ ഭംഗിയാർന്ന ഒരു മുറിയായിരുന്നു .കട്ടിൽ കണ്ടതോട് കൂടി എന്റെ മനസ്സിൽ എന്തെന്നില്ലാത്ത ഒരാഹ്ലാദം തിരതല്ലി .ഞങ്ങൾ ഉറങ്ങാൻ തുടങ്ങി .

ഉറക്കത്തിൽ നിന്നും 6 – മണിക്കാണ് ഞാൻ ഉണർന്നത് . കേരളത്തിലെ പ്രധ - ഹിൽ സ്റ്റേഷനുകളിലെ സൗന്ദര്യവതിയായ മൂന്നാറിലെക്ക് പോകാൻ ഞങ്ങൾ തയ്യാറെടുത്തു പ്രഭാത ഭക്ഷണത്തിനായി
ഞങ്ങൾ ഹോട്ടലിലേക്ക് യാത്രയായി . ഹോട്ടലിൽ എത്തിയതിന് ശേഷം കൈ കഴുകി പ്രാതൽ കഴിച്ചു . കുറച്ചു സമയത്തെ യാത്രക്ക് ശേഷം എന്റെ കൊച്ചു സ്വപ്നം പൂർത്തി

*യായി .മഞ്ഞിൽ കുളിച്ച് തേയില തോട്ടങ്ങ ളിലൂടെ ഉള്ള സഞ്ചാരം എന്റെ നയനങ്ങൾ ക്ക് വേറിട്ട അനുഭൂതി നൽകി . ഞങ്ങൾ എ*

*ത്തുമ്പോഴേക്കും 11 – മണിയായിരുന്നു . അവിടെ എത്തിച്ചേർന്ന ഞങ്ങൾ അവിട്ട – ത്തെ പ്രകൃതി ഭംഗി ആസ്വദിക്കാൻ തുടങ്ങി . കുറച്ച് പടികൾക്ക് വിരാമമിട്ട് പ്രകൃതി സൗ ന്ദര്യത്തിന്റെ ആത്മതലം തൊട്ടറിഞ്ഞ ഒരു കാഴ്ച . ഞാൻ എന്നെ തന്നെ ആ മനോഹാ രിതയിൽ വിസ്മരിച്ചു . മഞ്ഞുമൂടി കിടക്കുന്ന മലനിരകൾ ,മാനസീക സമ്മർദ്ദങ്ങളെ ഒഴി വാക്കാനുള്ള ഒറ്റമൂലി . ഇത്രയും മനോഹരി യാണ് പ്രകൃതി എന്ന് അന്നാണ് ഞാൻ അ റിഞ്ഞത് . ഓരോ താഴ്ചയും പ്രകൃതിയുടെ മൂന്നാറിന്റെ മനോഹാരിതയെ വർധിപ്പിച്ചു – കൊണ്ടിരുന്നു . അതിനിടയിൽ അത്യുഗ്രൻ പോരാട്ടം ഫോട്ടോ എടുക്കാൻ വേണ്ടി . മ – നോഹരം എന്ന വാക്കിന് ഇത്രയും മഹത്വ മുണ്ടെന്ന് അപ്പോഴാണ് എനിക്ക് മനസ്സിലായ ത് . പിന്നീട് ഞങ്ങൾ പള്ളിവാസൽ ഡാമി – ലേക്കാണ് . ഈ ഡാം കമ്പോളനിലവാര – ത്തിൽ എന്നും മുൻപന്തിയിലാണ് . സൂര്യപ്ര കാശത്തിൽ തിളങ്ങുന്ന ഓളങ്ങൾക്ക് വളരെ ഭംഗിയാണ് . പിന്നെ ഞങ്ങൾ എത്തിപ്പെട്ട– ത് എക്കോ പോയിന്റിലാണ് .*

*ഒരു കുന്നിൻ മനോഹരമായ തടാകമാണിത് . വിനോദസഞ്ചാരികളെ ആകർ ഷിക്കുന്ന സ്ഥലമാണിത് . അവിടെ ഇരുന്ന് പ്രകൃതിയുടെ മനോഹാരിത ആസ്വദിച്ച് കൊ ണ്ട് ഞങ്ങൾ ഭക്ഷണം കഴിച്ചു . അൽപസമ യത്തിനകം ഞങ്ങൾ യാത്ര തിരിച്ചു . എന്നി ട്ട് ഷോപ്പിംഗിനായി ഒരു കൊച്ചു സ്ഥലം ക ണ്ടെത്തി . അതിന് ശേഷം പോയത് മാട്ടുപ്പെട്ടി ഡാമിലേക്കാണ് . ജലവൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സംരക്ഷണമായി നിർമ്മിച്ച മാട്ടുപ്പെട്ടി ഡാം . തടാകത്തിൽ ബോട്ടിംഗ് ഉണ്ട് . സമയപരിമിതി കാരണം അതിനായില്ല . യാത്ര തിരിച്ച ഞങ്ങൾ ഫോ ട്ടോ പോയിന്റിലെത്തി . സമയം പരിമിതമാ യതുകൊണ്ട് ഞങ്ങൾക്കവിടെ അധിക നേ – രം ചിലവഴിക്കാനായില്ല . കൊച്ചു സങ്കട – ത്തോടെയാണെങ്കിലും ഞങ്ങൾ അവിടെ നി ന്ന് മടങ്ങി . അതിനിടയിൽ ഞങ്ങൾക്ക് വേണ്ടി ഒരുക്കിയ അടിമാലിയിലെ കൊച്ചു ക്യാമ്പ് ഫയർ . അവിടെ ഒരുപാട് ഡാൻ സ് കളിച്ചു . ഇത്രയും മനോഹരമായ കേര ളം ദൈവത്തിന്റെ സ്വന്തം നാടാണെന്ന് വി ശേഷിപ്പിക്കുന്നതിൽ തെറ്റില്ല .*

# കടങ്കഥകൾ



ഉനൈസ്
IX. A

- അകത്തു റുത്താൽ പുറത്തറിയും
  - ചക്കപ്പഴം
- അകത്തു തിരിത്തറിയും പുറത്തു മുട്ടയിട്ടു
  - കുരുമുളക്
- അകത്ത് രോമം പുറത്തിറച്ചി
  - മൂക്ക്
- അകത്തേക്ക് പോയാൽ പച്ചപ്പ് പുറത്തുപോയാൽ ചോന്നിട്ട്
  - മുറുക്കാൻ
- അകന്നു നിന്നു നോക്കിക്കാണും കണ്ടതെല്ലാമുള്ളിലാക്കും
  - ക്യാമറ
- അകമില്ലാത്തില, പുറമില്ലാത്തില ഞെട്ടില്ലാത്തില വട്ടത്തിൽ
  - പപ്പടം
- അക്കര വിളയിൽ തെക്കേത്തോടിയിൽ ചക്കരക്കൊണ്ടൊരു തുണ് തുണിനകത്തൊരു നൂല് വലിച്ചാൽ തേൻ
  - ചെത്തിപ്പൂവ്
- ആനക്ക് നിലയില്ല പാപ്പാനും നിലയില്ല അമ്പാടിക്കണ്ണനുക്കു വെള്ളം
  - താമര
- ആനയെക്കാണാൻ വെളിച്ചമുള്ള വിളക്കിന് ആനക്കൊമ്പിനത്രെ നീളമില്ല
  - പെൻടോർച്ച്
- ഈച്ച തൊടാത്തൊരു ഇറച്ചി ക്കഷ്ണം പൂച്ച തൊടാത്തൊരുറി- ച്ചിക്കഷ്ണം തൊട്ടാൽ നാക്കുമിറച്ചി ക്കഷ്ണം
  - തീക്കണൽ
- ഉടുതുണിയില്ലാത്തോൻ കുടച്ചൂടി നിൽക്കുന്നു
  - തെങ്ങ്, കവുങ്ങ്, പന
- ഉണ്ടാക്കാൻ പാട്, ഉണ്ടാക്കിയാ ലൊടിങ്ങില്ല കൊടുത്താലോ ഇ രട്ടിക്കും
  - വിദ്യ
- ഉണ്ടാക്കുന്നോനുപയോഗിപ്പി- ല്ലുപയോഗിപ്പോനറിയുന്നില്ല
  - ശവപ്പെട്ടി
- ഉണ്ണാത്തൊരമ്മയുടലെല്ലാം വയറ്
  - വൈക്കോൽത്തുറ
- ഉണ്ണലിപ്പെണ്ണിന് ഒരിക്കലേ പേറുള്ളൂ
  - വാഴ
- ഉടുട്ടുമോടിക്കാം, എടുക്കാൻ വയ്യ- കണ്ണ്

- ഉള്ളിലൊല്ലല്യാത്തോ-
  നെല്ല്ണ്ടൊരു നാന്നർ

  -ഒറ്റാൽ
- മണ്ണിനടിയിൽ പൊന്നിൻ കട്ട

  -മഞ്ഞൾ
-
- എങ്ങും തിങ്ങി നടക്കും ആർക്കും
  പിടികൊടുക്കില്ല

  -കാറ്റ്
- എടുത്ത വെള്ളം എടുത്തേടത്തു
  വെച്ചൂടെ

  -പാൽ
- കണ്ടം കണ്ടം കണ്ടിക്കും
  കണ്ടംപോലും തിന്നില്ല

  -കത്രിക
- എടുത്തിട്ടു പുറത്തു കയറി പൂകൊഴിച്ചു

  -നാളികേരം ചിരവുക
- എട്ടെല്ലൻ കുട്ടപ്പനൊറ്റക്കാലൻ

  -കുട
- എണ്ണക്കുഴിയിലൊരുരപ്പളൻ
  കല്ലുകറുത്തിട്ട്

  -കണ്ണ്
- എത്തിയാലും എത്തിയാലും

  എത്താത്ത മരത്തിൽ വാടി -
  വീഴാത്ത പൂക്കൾ

  -നക്ഷത്രങ്ങൾ
- എന്നെത്തൊട്ടാൽ ഞാൻചാവും

  -തൊട്ടാവാടി
- ഓട്ടം, കാലില്ല

  കരയും, കണ്ണില്ല
  ചിരിക്കും ചുണ്ടില്ല

  അലറും, വായില്ല

  -മേഘം
- ഓട്ടം കുതിര ചാട്ടം കുതിര
  വെള്ളം കണ്ടാൽ നിക്കും

  -കുതിര
- -തുകൽ ചെരിപ്പ്
- കടലിൽ താണ
  പൊന്നിൻ കിണ്ണം

  -സൂര്യാസ്തമയം
- ആനയെത്തളക്കാൻ തടിയുണ്ട്
  ജീരകം പൊതിയാനില്ലയില്ല

  -പുളിമരം
- ആയിരം കുഞ്ഞുങ്ങൾക്കൊരഞ്ഞാൺ

  -ചൂല്
- ആയിരം കുറിയരി
  അതിലൊരു നെടിയരി

  -നക്ഷത്രങ്ങൾക്കടയിലെചന്ദ്രക്കല
- ആയിരം തിരിട്ടു കത്തിച്ച

  പൊൽവിളക്ക്, അന്തിയായപ്പോൾ
  അണഞ്ഞുപോയി

  -സൂര്യൻ
- ആയിരം മണിയും കെട്ടി ആറ്റിൽ
  ചാടി

  -വല
- ഇച്ചിരി മുറ്റത്തഞ്ചു കഴുക്കോൽ

  -കൈവിരൽ
- ഇട്ടാൽ പൊട്ടാത്ത കിങ്ങിണി മുട്ട

  -കടുക്
- ഇട്ടലിട്ടക്കിലിളുക്കാശിത്തെ-
  ങ്ങിന്മേലഞ്ഞൂറും മുന്നൂറും കൊട്ടത്തേങ്ങ


  -ഈന്തപ്പന



# കണ്ണീരിലാണ്ട പ്രളയം

*മുഹ്സിന . വി*

***IX . A***



***ഏതോ ദുർഘടമായ രാത്രി ! എന്തെന്നറിയില്ല പുറത്ത് എന്നെ ത്തെക്കാളും മഴയയും കാറ്റും. കുറഞ്ഞ ദിവസങ്ങൾ കൊണ്ട് നമ്മെ ഭയപ്പെടുത്തി നിർത്തിയ ഒരു സംഭവമാണ് പ്രളയം. എത്ര മനോഹരമായിരുന്നു നമ്മുടെ കേരളം നാം തന്നെ അതിനെ ഇല്ലാതാക്കി. അപ്പോൾ പ്രകൃതി തന്നെ അതിന് പ്രതികാരം ചെയ്യാൻ തുടങ്ങി . നാം വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് സാധനങ്ങളും മറ്റും പ്രക്രുതി നമുക്ക് പ്രളയത്തിലൂടെ തിരിച്ചുതന്നു . നാം ഇനി എന്ത് കൊടുത്താലും അതൊക്കെ തിരിച്ചു തരാനായിരിക്കും പ്രകൃതിയുടെ തീരുമാനം . അത് നമുക്ക് ഇതിലൂടെ മനസ്സിലായി . പ്രകൃതി ഇനിയും നമ്മെ പരീക്ഷിക്കും . എത്ര വലിയ ആളായാലും ഒരു പ്രളയം വന്നാൽ ഒലിച്ചുപോവും . എന്നാലും കേരളക്കാർ അവർ ! അതിജീവിച്ചു . ഈ വർഷം തുടങ്ങിയതു മുതൽ പ്രകൃതി നമ്മോട് പ്രതികാരം ചെയ്യാൻ തുടങ്ങി . അത് ഒരു ചുഴലിക്കാറ്റിലൂടെ തുടങ്ങി നിപ്പയിലൂടെ കടന്ന് പോയി പ്രളയത്തിലെത്തി . ഇതാണ് ഏറ്റവും വലിയ സംഭവം . ഞങ്ങൾ ഇപ്പോൾ പ്രളയത്തെ അതിജീവിച്ച ജനതയാണ് .***



# ഇന്നത്തെ കേരളം



*അശ്വനി*
***IX . C***



*വയലുകളും കുന്നുകളും മറ്റുജലാശയങ്ങളും മാഞ്ഞുപോയ എന്റെ കേരളം.*
*പച്ചപ്പ് നിറഞ്ഞിരുന്ന നമ്മുടെ കേരളം കണ്ണീരുകളാൽ അലിഞ്ഞുപോയിക്കൊ-ണ്ടിരിക്കുന്നു.*
*നാം ഇന്ന് അനുഭവിക്കുന്ന കണ്ണീരുകളുടെ ഉറവ നാം ഇന്ന് പ്രകൃതിയോട് ചെയ്യുന്ന ചൂഷണഫലമാണ്.*
*മാഞ്ഞും മറഞ്ഞും നമ്മൾ കേരളത്തെ ഓരോ നിമിഷങ്ങളും*
*കഴിയുന്നതിനനുസരിച്ച് അനാഥയാക്കിക്കൊണ്ടിരിക്കുകയാണ്.*
*തിരിച്ചു വരാൻ കഴിയാത്ത കേരളത്തെ നമുക്ക് ഓരോരുത്തർക്കും ഓർമിക്കാം!*




# കാട്ടുമാടം നാരായണൻ



ഫാത്തിമ .വി

IX .A




***വണ്ടേരി നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ നവോത്ഥാനത്തിന്റെ ഒരു അമരക്കാരനായിരുന്നു ശ്രീ കാട്ടുമാടം നാരായാണൻ. കുഴത്തൊഴിലിന്റേയും പാരമ്പര്യത്തിന്റേയും മൂല്യ സീലകൾ അതിലംഘിക്കാതെ തന്നെ ദേശത്തിന്റെ ജീവിതത്തിലേക്ക് ആധുനിക മേധയുടേയും പ്രജ്ഞയുടേയും വെളിച്ചം ആനയിക്കുവാൻ ഉദ്യമിച്ച ഒരു മുൻഗാമി ആഢ്യത്വത്തിന്റേയും സവർണ ചിന്തയുടേയും അരുതായ്മകളെ അതിവർത്തിച്ച് മമതയുടേയും സൗഹൃദത്തിന്റേയും ഒരു തുറന്ന ശാദ്വലം സ്രഷ്ടിക്കുവാൻ കഴിഞ്ഞുവെന്നത് കൊണ്ടാണ് നാടിനും നാട്ടുകാർക്കും കാട്ടുമാടം പ്രിയങ്കരനായത്.***

# ഓർമ്മകൾ കവർന്നെടുത്ത ഉത്സവരാവ്



*ജ്യോതി ലക്ഷ്മി*
*X.E*

*പൊടിപ്പാറിപ്പറക്കുന്ന ഉത്സവരാവ്*
*ഇന്നെന്തേ ഇത്ര നിശബ്ദമായി.....*
*കുട്ടേട്ടനില്ലാത്ത ഉത്സവരാവ്*
*നാട്ടിൻപുറത്തെ നിർജീവമാക്കി*
*കുങ്കുമപ്രഭയിൽ നീരാടിയെത്തുമർണ്ണൻ*
*ഉത്സവരാവിന് കൊടിയേറ്റമായി*
*മേളത്തിനൊപ്പം ഗജാഗജന്മാർക്കൊപ്പം*
*ഓടിപ്പറന്നെത്തും കുട്ടേട്ടൻ*
*വാത്സല്യമേറുന്നമ അമ്മമനസ്സിൽ*
*സ്നേഹം തുളുമ്പുന്ന മകനായും*
*കൊഞ്ചിക്കിണങ്ങുന്നനുജത്തിമാർക്ക്*
*കടമകളേറ്റുന്നനുജനായിട്ടും*
*ഉത്സവരാവിൽ മാറ്റേകുവാൻ*
*അവനെല്ലായിടത്തും പ്രതിഫലിക്കും*




*കനവിലും നിനവിലും*
*ഇരുളിലും തെളിവിലും*
*ഉത്സവരാവ് ഒരുമിച്ച്മൊഴിഞ്ഞിട്ടും*
*ആർദ്രസുന്ദരശബ്ദമിതമാം*
*ഇന്നവനില്ലാത്ത ഉത്സവരാവ്*
*സൂര്യനുദിക്കാത്ത പകലായിമാറി*
*അവന്റെ കരസ്പർശമില്ലാതെ*
*ഗജശങ്കാരിമേളം*
*നീരില്ലാത്ത നീരുറവയായ് മാറി*
*ഉത്സവരാവിലെ ഓരോകണത്തിലും*
*അവൻതൻ സ്നേഹാർദ്ര*
*നിശ്വാസം തെളിഞ്ഞുനിന്നു*
*പൊടിപ്പാറിപ്പരക്കുന്ന ഉത്സവരാവ്*
*ഇന്നെന്തേ ഇത്ര നിശബ്ദമായി......*

# റംസാൻനിലാവ്

**ഫബീന**

***റംസാൻ രാവിൽ മുങ്ങി കുളിച്ച്***
***ചന്ദ്രനിതാ വാനിൽ വന്നെത്തി***
***മൈലാഞ്ചി മൊഞ്ചിൽ കൈകോർത്ത്***
***മൊഞ്ചത്തികളിതാ വന്നെത്തി***
***തഖ്ബീർ വിളികളുമായുണർന്ന്***
***പള്ളികളാകെ മുഴങ്ങി***
***പുത്തനുടുപ്പും അത്തർ പൂശിയും***
***കുരുന്നുകളിതാ പള്ളിയിലേക്ക്***
***സുറുമക്കണ്ണെഴുതി മൈലാഞ്ചി കൈയ്യുമായി***
***പെരുന്നാൾ കിളികളിതാ ഒപ്പനയിലേക്ക്***
***താളത്തിൽ പാട്ടുചൊല്ലി കരിവള***
***കിലുക്കത്തിലേക്ക് താളംപിടിക്കും ഒപ്പനയിലേക്ക്***
***ഈദ്മുബാറക്ക് ചൊല്ലംരാവിൽ***
***പുഞ്ചിരിയിതാറംസാൻ രാവിൽ മുങ്ങി കുളിച്ച്***
***ചന്ദ്രനിതാ വാനിൽ വന്നെത്തി***
***മൈലാഞ്ചി മൊഞ്ചിൽ കൈകോർത്ത്***
***മൊഞ്ചത്തികളിതാ വന്നെത്തി***
***തഖ്ബീർ വിളികളുമായുണർന്ന്***
***പള്ളികളാകെ മുഴങ്ങി***
***പുത്തനുടുപ്പും അത്തർ പൂശിയും***
***കുരുന്നുകളിതാ പള്ളിയിലേക്ക്***
***സുറുമക്കണ്ണെ പൊന്നമ്പിളിയിലേക്ക്***
***ഉമ്മമാരുടെ മാന്ത്രിക കൈകളാൽ***
***വായിൽ വെള്ളം ഊറുമ്പുന്നട***
***പുത്തനുടുപ്പും അത്തർപൂശിയും***
***എല്ലാവരുമിതാ ആനന്ദത്തിലായ്***
***തക്ബീർ വിളികൾ കേൾക്കുന്നേരം***
***ആനന്ദമാകുന്ന മനസ്സുകളാകെ***
***വട്ടത്തിലിരുന്നു താളം പിടിച്ച്***
***പെരുന്നാൾ പുഞ്ചിരിയിതാ തൂകുന്നേ***
***സുറുമക്കണ്ണെഴുതി മൈലാഞ്ചി***
***മൊഞ്ചുമായി പെരുന്നാൾ***
***കിളികളിതാ തഖ്ബീറിലേക്ക്***
***റംസാൻ രാവിൻ കാഴ്ചകൾ കണ്ട്***
***പുഞ്ചിരിതൂകും ചന്ദ്രനിതാ മാനത്ത്***
***സന്തോഷമെങ്ങും ആകെപരത്തും***
***മൊഞ്ചിൽ നിറഞ്ഞ പെരുന്നാളിതാ വന്നെത്തി***



# ജീവിതം ഒരു യാത്ര



നന്ദന കെ . എ
X - C

ആ കനലിനിയും മനസിൽ എരിഞ്ഞുനീറിക്കൊണ്ടിരുക്കുകയാണ്. മുത്തശ്ശിയിനിയും ആ കാലങ്ങളൊന്നും മറക്കാതെ നെഞ്ചിലെ എരിയാകണലായി കൂട്ടുകൊണ്ടുനടക്കുകയാണ്.ഇനിയെന്നു തന്റെ കാലവസാനം വരെ ആ കണലെന്നും ബാക്കിയാവും എന്തൊരു അവസ്ഥയാണിത്. ദൈവം എനിക്കിതുവരെ തന്നതിൽ ഏറ്റവും നീചമായ സമ്മാനങ്ങൾ കാലം കാത്തിരുന്നു ദൈവം തനിക്കു സമ്മനിച്ച പൊൻ വിളക്കായിരുന്നു ആ മകൾ ഒരു വിഷമങ്ങളുമറിയിക്കാതെ പൊന്നിൻതിളക്കം പോലെ അണയാതെ വളർത്തിയെടുത്ത ആ പൊന്നോമന അവൾ ഏറെവളർന്നു ദു :ഖങ്ങളറിയാതെ സുഖങ്ങളിൽ ജീവിച്ചു .കാലംകടന്നു പോയിക്കൊണ്ടിരിക്കുന്നു അങ്ങനെ ഒരുനാൾ എല്ലാ പെൺകുട്ടികളുമെന്നപോൽ അവളെയും അതിസമർത്ഥനായ എല്ലാവർക്കും പ്രിങ്കരനായ ആ വ്യക്കിക്കുമംഗല്യം ചെയതയച്ചു . ഇവിടെ തന്റെ ജീവിതത്തിലെ ഒന്നാം അദ്ധ്യായം ആരംഭിക്കുന്നു .

എല്ലാവർക്കും പ്രിയകരനായ അവൻ തന്റെ മകൾക്കുമുന്നിൽ ഓരോന്നായി മുഖംമുടികൾ അഴിച്ചുതുടങ്ങി . ദു:ഖങ്ങളും ദയനീയാവസ്ഥയുമറിയാതെ ജീവിച്ച തന്റെ മകളെ അവൻ ക്രൂരമായി ദ്രോഹിച്ചുകൊണ്ടയിരുന്നു . ജീവിതം ഒരു കൊടുകാറ്റ പോലെ ആഞ്ഞടിച്ചു കൊണ്ടിരിക്കുന്നു . ആ ജീവിതത്തിൽ അവൾക്കു സമമാനിച്ച ആ രണ്ടുകുഞ്ഞുങ്ങളുടെ ദയനീയമുഖങ്ങളും അവളുടെ കണ്ണുനീരും ആ വീടിൽ തീരാശാപമാറി അലയടിച്ചുകൊണ്ടിരിക്കുകയാണ്. ഒടുവിൽ ഉദരത്തിൽ ഒരു തുടിപ്പുകൂടി സമമാനിച്ച അവൻ ആ പൊൻകിരന്നത്തെയും ആ അമമവിളക്കും ഊതിക്കെടുത്തി പറക്കമെറ്റാത്ത ആ കുഞ്ഞുങ്ങളെയും തനിച്ചാക്കി എങ്ങോട്ടോ പോയ് മറിഞ്ഞ് ആ അദ്ധ്യായം അവസാനിപ്പിച്ചു .

# വന്നേരി നാട്



***ഷഫ്ന ഷെറിൻ***

***IX .A***

*വന്നേരിനാട് കേവലം ഒരു സങ്കൽപ്പംമാത്രമായിരുന്നില്ലെന്ന് പത്മനാഭ മേനോന്റെ കൊച്ചിരാജ്യചരിത്രവും മഹാകവി കുഞ്ഞികുട്ടൻ തമ്പുരാന്റെ കേരളം കാവ്യവും സാക്ഷ്യപ്പെടുത്തുന്നു. വന്നേരി നാ ടിൻ വടക്കേത്തലയ്ക്കൽ എന്ന സംഘകളി ലെ പരാമർശവും വെൺമണിമഹാന്റെ പൂരപ്രബന്ധത്തിലെ പൂർണ്ണസത്യത്തിന്റെവിളനിലമായ വന്നേരിനാട് എന്ന പ്രശംസയും മറ്റും വന്നേരിനാട് എന്ന ചരിത്രതാളുക ളിൽ സ്ഥായിത്വം നേടിയ ഒരു പ്രദേശമാണെന്നതിന് തെളിവായി ഉദ്ധരിക്കാവുന്നതാണ്.*

*പഴയ വന്നേരിനാട്ടിൽ ഉൾപ്പെട്ടതായി കണക്കാക്കപ്പെട്ടിരിക്കുന്ന മൂന്ന് പഞ്ചായത്തുകൾ ഇപ്പോൾ മലപ്പുറം ജില്ലയിലും ശേഷിച്ചവ തൃശൂർ ജില്ലയിലുമാണ് വിദേശശക്തികളുമായുള്ള പെരുമ്പടപ്പ് സമൂഹത്തിന്റെ വ്യാപാരം വന്നേരി നാടിലും ചില സ്വാധീനങ്ങൾ സൃഷ്ടിക്കാതിരിന്നില്ല . നമ്പൂതിരിമാരുടെ സംഘക്കളിപ്പാട്ടിലെ ചില വരികൾ വന്നേരിനാട്ടിൽ നെൽകൃഷിക്കു പുറമെ തെങ്ങുകൃഷിയും വ്യാപിക്കുന്നതിന്റെ സൂചനകൾ നൽകുന്നുണ്ട് വന്നേരിയിലെ ഫലപുഷ്ടിയുള്ള മണ്ണിൽ നിന്ന് നെൽകൃഷി സമീപകാലം വരെ പൂർണ്ണമായും വിടവാങ്ങു കയുണ്ടായില്ല.*



# എന്റെ വിദ്യാലയത്തിലെ
# പ്രായം കൂടിയ മുത്തശ്ശി



Sreelakshmi krishnan.m

***+2 science***

*മധുരികും ഓർമയാണെൻ സ്കൂൾ*
*അതിലും മധുരമാണെന്റെ പുളിമുത്തശ്ശി*
*മുത്തശ്ശി എനിക്ക് താങ്ങും തണലും തന്നു*
*എന്നിലെ വലിയ സുഹൃത്തായ്*
*പുളിമുത്തശ്ശിയുടെ ചോട്ടിലെ*
*എൻ കലഹവും സൗഹൃദങ്ങളും പ്രണയങ്ങളും*
*ഇപ്പോഴും എൻ മനസ്സിൽ ഒരു ഓർമ്മ*
*ഈ ഓർമ്മയുടെ രുചി പുളിയായത് വെറുതെയെല്ല*
*എന്നാലും മധുരമാം ഓർമയാണു മുത്തശ്ശി*
*എൻ മധുരിക്കും സൗഹൃദം*
*മുത്തിശ്ശിയുടെ ചുവിട്ടിലല്ലോ തളിരിട്ടതും പൂത്തതും കായയിട്ടതും*
*മധുരമാം ഓർമ്മയാണു മുത്തശ്ശി*
*എത്രയോ തലമുറ മുത്തശ്ശിയോ കണ്ടു*
*ഇനിയും കുറേ തലമുറ മുത്തശ്ശിയോ കാണണം*
*അവരും ഈ മധുരം നുണയണം*
*എൻ യവനികക്കപ്പുറത്തേക്ക് എൻ കൗമാരത്തെ*
*വീണ്ടെടുക്കാൻ ഇപ്പോഴും ശക്തിയുണ്ട് മുത്തശ്ശിക്ക്*
*മുത്തശ്ശിക്ക് വഴിവിളക്കാണെൻ സ്കൂൾ കാലത്തിൽ*
*ഇവിടെ മുത്തശ്ശിയുടെയോർമകൾക്ക് മധുരമാണ്*
*മുത്തശ്ശിയോടല്ലോ എൻ സൗഹൃദം*
*കൂടുതൽ പങ്കു വെച്ചത്*
*മുത്തശ്ശി  എൻ ജീവിതത്തിൽ*
*ഒരു നല്ല സുഹൃത്തു കൂടിയാണ് മധുരമാം ഓർമ്മയാം മുത്തശ്ശിക്ക്*
*എന്റെ ഒരു നൂറു ആശംസകൾ നൽകുന്നു ഞാൻ*

# ഇനിയെന്ത് ?



*നന്ദന.സി*
***IX.E***

*ജീവിതമെന്ന നീർപ്പോളയ്ക്കു*
*സമമാം നൂൽപ്പാലത്തിന്മേൽ*
*ഞാൻ ഏകനായ് ഇന്നും എന്നും ?*
*എന്തിനീ വ്യർത്ഥമാം ജന്മം ?*
*എന്തിനീ ജീവൻതുടിപ്പിനി ?*
*ജീവിതമൊരു തീരാവേദനയോ ?*
*ഓരോ നിശ്വാസത്തിലും ഏകാന്തത*
*നിമോഴലരിച്ച വ്യർത്ഥമാം ജീവിതമോ ?*
*ഏകനായ് താണ്ടേണ്ട നികൃഷ്ടപാതയുടെ*
*അന്ത്യമാം നാഴികയിൽ എന്നെ ;;*
*എനിക്കായ് കാത്തിരിപ്പൂ മരണം*
*ശൂന്യതയിൽ മൂടിമറഞ്ഞയെൻമനസ്സിലും*
*അന്ധകാരം നിഴലരിച്ച ജീവിതനാളിലും*
*ഒന്നുമാത്രം ശോഭയേറി നിറയുന്നു*
*ഇനിയെന്തന്ന ഒരൊറ്റചോദ്യംമാത്രം !*
*എങ്കിലും ജീവിക്കുന്നു ഞാൻ*
*എങ്കിലും കാണുന്നു ഞാൻ*
*ഒരു വന്യമാം മൃഗത്തിന്റെ*
*നെട്ടുവീർപ്പിൽതീർന്നൊരു*
*പ്രകാശത്തിൻ നുറുങ്ങുവെട്ടം*
*ജീവിതനാളുകളിൽ പകച്ചുനിൽപ്പൂഞാൻ*
*ഇനിയെന്തന്ന ഒരൊറ്റ വാക്യമായ്*
*ആരും തുണയായ് വരുകില്ലെന്നറിഞ്ഞിട്ടും*
*കാത്തിരിപ്പൂ ഞാൻ ഇനിയെന്തെന്നചോദ്യവുമായ്*

# പ്രളയം



ആർദ്രാ ലക്ഷ്മി
10 .C

ഒരു സന്ധ്യാസമയം സൂര്യൻ അസ്തമിക്കാൻ തയ്യാറായി ഇരിക്കുകയാണ്. അപ്പോഴാണ് പെട്ടെന്ന് കാറ്റും മഴയും പുറപ്പെടുന്നത് . മഴ തുള്ളി തുള്ളി അത് കനത്തമഴയിലേക്ക് മാറി. കാർമേഘങ്ങളാൽ ആകാശം നിറഞ്ഞു . കനത്ത ഇടിയും മിന്നലും തുടങ്ങുകയായി . അമ്മു പെട്ടെന്ന് ഓടിവന്ന് അയലിന്മേൽ ഇട്ടിരുന്ന തുണികൾ എടുത്ത് കൊ ണ്ടുപോയി . കുട്ടികൾ എല്ലാവരും ഒത്തുകൂടി അമ്മുവിന്റെ വീടിന്റെ ഉമ്മറപ്പടിയിലിരുന്ന് മഴ കാണാൻ തയ്യാറായി ഇരിക്കുകയാണ്. അവരു ടെ കൂടെ അമ്മുവും വന്നിരുന്നു . അ വർക്ക് മഴ കാണാൻ വലിയ ഇഷ്ടമായിരുന്നു . കുട്ടികൾ എല്ലാവ രും കൂടി കളിവഞ്ചിയുണ്ടാക്കി മഴവെള്ളത്തിൽ ഒഴുക്കിവിട്ടു . അവർ മഴ ആസ്വദിച്ചുകൊണ്ടിരുന്നു . മഴ പതിയെ പതിയെ ഗാംഭീര്യംകൂടിയതായിതീർന്ന് . സന്ധ്യാസമയം മാറി മാറി രാത്രിയുടെ നിഗൂഢതയിലേക്ക് നീങ്ങികൊണ്ടിരുന്നു .പതിയെ പതിയെ ബഹളകോലാഹളങ്ങൾ ഒഴിഞ്ഞ് ആ ഗ്രാമം ശാന്തമായിത്തീർന്നു . മഴ കനക്കുന്നതിനനുസൃതമായി ഗ്രാമവാസികളിൽ പേടി കൂടികൊണ്ടിരുന്നു. അമ്മുവിന്റെ വീടാണെങ്കിൽ ഒരു പഴയ മണ്ണ് കൊണ്ട് നിർമിച്ച ഓട് വീടാണ് . അമ്മുവിന്റെ രക്ഷിതാക്കളിലും ഗ്രാമവാസികളിലും ഭയവും സങ്കടവും കൂടിക്കൊണ്ടിരുന്നു.മഴ വെള്ളം കൂടിക്കൂടി പരിസരങ്ങളിൽകെട്ടിനിന്നു . വെള്ളം ഒഴുകിപ്പോകുന്ന ചാലുകളും തോടുകളും നിറഞ്ഞിരിക്കുന്നു . എല്ലാവരും മഴകൂടിയതോടെ അവരുടെ വീടുകളിലേക്ക് പോയി .അമ്മുവിന്റെ വീട്ടിൽ അമ്മുവും അച്ഛനും അമ്മയും മാത്രമായി . അവർ പേടിച്ചിരിക്കുകയാണ് .സമയം അതിക്രമിച്ചു കൊണ്ടിരിക്കുന്നു . അവർ കതകുകളും ജനാലകളും അടച്ച് മയക്കത്തിൽ ഏർപ്പെട്ടു . പിറ്റേ ദിവസം രാവിലെ കതകുതുറന്നപ്പോൾ

*കാണുന്നത്  വീടിനു മുന്നിലും പരിസരങ്ങളിലും വെള്ളം കെട്ടിനിന്ന്എങ്ങോട്ടും പോകാനാകാത്ത അവസ്ഥയിൽ നിൽക്കുന്നതാണ് . മഴഅപ്പൊഴും തുടരന്ന് കൊണ്ടിരിക്കുകയാണ് .അമ്മുവിന്റെ വീടിന്റെ ഒരു ഭാഗംവിണ്ടുനിൽക്കുകയാണ്. ആകെ ഭയവും ദു :ഖവും ചേർന്ന നി മിഷങ്ങൾ . നാട്ടിലാകെ ബഹളമയം.*

*അടുത്ത പ്രദേശങ്ങളിലും മറ്റു വീടുകൾതകരുകയും കൃഷി നശിക്കുകയും ചെയ്തു . പെട്ടന്നതാ ജലനിരപ്പ് ഉയർന്നു കൊ്ടിരുന്നു . വീടുകൾ തകർന്ന് വീഴുന്ന വാർത്തകൾ നാട്ടിലാകെ പരന്നു . അമ്മുവിന്റെ വീടും തകർന്നു . അമ്മു വീടിനുള്ളിൽ പെട്ടു . അമ്മുവി ന്റെ അമ്മ നിലവിളിക്കാൻ തുടങ്ങി . നാട്ടുക്കാരെല്ലാവരും ഓടിക്കൂടി . അവളെ വീടിനുള്ളിൽ നിന്നും വാരിയെടുത്തു . അപ്പോഴേക്കും ആംബുലൻസ് വന്ന്  അവളെ അതിൽ കിടത്തി അടുത്തുള്ള ആശുപത്രിയിലേക്ക്   കൊണ്ടുപോയി. ആശുപത്രി അധികൃതർ മടക്കി പറഞ്ഞയച്ചു  . തുടർന്ന്  വലിയ ഒരു ആശുപത്രിയിലെത്തിച്ചു .ഡോക്ടർ പരിശോധിച്ചു നോക്കിയ  പ്പോൾ അമ്മു മരിച്ചിരുന്നു . ഇതു കേട്ടപ്പോഴേക്കും അമ്മുവിന്റെ അമ്മയും അച്ഛനും നിലവിളിക്കാൻ തുടങ്ങി നാട്ടുകാരെല്ലാവരും ഓടിക്കൂടി . ആകെ ബഹളമയം . നാട്ടുക്കാർ എല്ലാവരും അവളുടെ മൃതദേഹം കാണാനായി  ഓടിക്കൂടി.  നാട്ടുകാരെയെല്ലാവരെയും  കണ്ണീരിലാഴ്ത്തിയ സംഭവമായിരുന്നു അത്.*

# സൗഹൃദം

ഫസ് ന .സി എഫ്

മറക്കില്ല നിന്നെ ഞാന്
മരണത്തിൽ വക്കിലത്തവെ
മായാത്ത ഓർമകളിൽ
നീ തന്ന സൗഹൃദവും
സ്നേഹത്താൽ പടുത്തിയ
സൗഹൃദത്തിൽ പളുങ്കുപത്രം
കാറ്റിലാടുന്ന ജലകളെപോലെ
കരയിൽ വന്നടിക്കുന്ന തിരകളെപോലെ
ആകാശത്തിൽ തിളങ്ങുന്ന
നക്ഷത്രങ്ങളെപോലെ
ഓർമയിൽ ഓമനിക്കാൻ
നീ തന്ന സാന്ത്വനവും
മറക്കില്ല നിന്നെ ഞാൻ
മരണത്തിൽ വക്കില്ലത്തവെ .......



# ശൈലികൾ



- അകമ്പടി സേവിക്കുക
- അക്കിടി പറ്റുക
- അച്ചിലിട്ട വാർക്കുക
- അടക്കവും ഒതുക്കവും
- അടിക്കടി
- അടിക്കല്ല് മാന്തുക
- അടിച്ചിടത്തടിക്കുക
- അടിതൊട്ട മുടിവരെ
- അടിപറ്റുക
- അട്ടിമറിക്കുക
- അത്താഴം മുടക്കി
- അസുര വിത്ത്
- ആറുനാട്ടിൽ നൂറുഭാഷ
- ആനവായിൽ അമ്പഴങ്ങ
- ആകൃതിയും പ്രകൃതിയും
- ഇഹലോകം വെടിയുക
- ഉപ്പോളം വരുമോ ഉപ്പിലിട്ടത്
- ഉരുളയ്ക്കുപ്പേരി
- ഉടച്ചുവാർക്കുക
- ഊന്നിപ്പറയുക
- എണ്ണിക്കഴിക്കുക
- എണ്ണിപ്പെറുക്കുക
- ഒന്നു പിഴച്ചാൽ മൂന്ന്
- ഓണപ്പാച്ചിൽ
- കടുവയെ കിടുവ പിടിക്കുക
- കണ്ണിലെണ്ണയുമൊഴിച്ചിരിക്കുക
- കണ്ണു ചിമ്മുക
- കണ്ണു തുറക്കുക
- കണ്ണു നീരിൽ കുളിക്കുക
- കണ്ണു മഞ്ഞളിക്കുക
- കണ്ണുരുട്ടുക
- കുന്തം വിഴുങ്ങുക
- കുരങ്ങു കളിപ്പിക്കുക
- കുശാഗ്രബുദ്ധി
- കണ്ണു വയ്ക്കുക
- കൈനനയാതെ മീൻ പിടിക്കുക
- കൈയിലാക്കുക
- കീഴ്മേൽ മറിയുക
- തനിനിറം കാട്ടുക
- തലയിൽ കെട്ടിവയ്ക്കുക
- താക്കീതു ചെയ്യുക
- താളത്തിനൊത്തു തുള്ളുക
- മർക്കടമുഷ്ടി
- മരോട്ടിക്കായ് തിന്ന കാക്ക
- മോരും മുതിരയും പോലെ
- നല്ലപിള്ള ചമയുക
- നനഞ്ഞിറങ്ങിയാൽ കുളിച്ചുകയറാം
- പന്തീരാണ്ടു കാലം

# പ്രളയത്തിൽപ്പോയ സന്തോഷം

## അർഷ.ടി.എസ്-10.C

അമ്മൂ... അമ്മൂ നീ എവിടെയാ അടുക്കളയിൽ നിന്ന് സുമിത്ര ഉറക്കെ വിളിച്ചു. എന്താ അമ്മേ നീ പോയി മുറ്റത്ത് നിന്ന്ആ തുണികൾ ഒന്ന് എടുത്തേ നല്ല മഴക്കാർ വരുന്നുണ്ട് പിന്നെ അപ്പു ആ മേലെത്തെ പറമ്പില് കളി ക്കുന്നുണ്ട് അവനെ ഇങ്ങോട്ട് വിളിക്ക് ചെക്കൻ കളിക്കാ ഞ്ഞിട്ടാണ് നടക്കുന്നത്.അമ്മു അപ്പുവിനെ വിളിച്ച് വീട്ടിലേക്ക് പോന്നു.അമ്മു നീ അച്ഛനൊന്ന് വിളിച്ച് നോക്ക് അങ്ങേര് ഈ മഴയത്ത് എവിടെയാണാവോ സുമത്ര ഉറക്കെ പറഞ്ഞു.അപ്പോഴാണ് അച്ഛൻ വരുന്നത്.

"അച്ഛാ പാടൊത്തൊക്കെ വെള്ളം നിറഞ്ഞോ " ഉവ്വ് പാടത്തൊക്കെ മുട്ടോളം വെള്ളമായി.റോഡിലേക്ക്എടുക്കുന്ന അവസ്ഥയാ അശോകൻ പറഞ്ഞു. അപ്പുഇത് കേട്ടോടെ ഇത് മുത്തശ്ശിയു-ടെ ചെവിയിലേക്ക് എത്തിക്കാനോട.മുത്തശ്ശി... മുത്തശ്ശി.. എന്താടാ നമ്മടെ പാടത്ത് മുട്ടോളംവെള്ളായെന്ന് ഓ എന്താ കാലത്തിന്റെക്കൊരുപോക്ക് നമ്മ ളെ ല ഇത്തിരിത്താഴത്താണ് വീട് എപ്പോഴാണാവോ വെള്ളം ഇ ങ്ങോട്ട് കയറണത്.' ഈശ്വരാ നീ കാത്തോണേ''.എന്ന് പറഞ്ഞ് മുത്തശ്ശി കട്ടിലിനുമുകളിൽ കിടന്നു.അത്താഴം കഴിച്ച് കഴിഞ്ഞ് എല്ലാവരും ഉറക്കമായി.നേരം ഇരുട്ടി.ഇടിയും മിന്നലുമില്ലതെ കാറ്റും മഴയും നിശബ്ദതയിൽ ആഞ്ഞു വീശി.ഭയാനകമായ അന്തരീക്ഷം.പിറ്റേന്ന് രാവിലെ എഴുന്നേറ്റപ്പോൾ മുറ്റംവരെ വെള്ളം എത്തിയിരിക്കുന്നു.ഇത് കണ്ട സുമിത്രേടെ വയറ്റിൽ നിന്ന് തീപ്പാറി അവൾ അകത്തേക്ക് ഓടി അ-



ശോകനെ വിളിച്ചു.നോക്കു ഒന്ന് എഴുന്നേറ്റേ പടി വരെ എത്തി രിക്കണ്. അശോകൻ ഞെട്ട ലോടെ എഴുന്നേറ്റ് ഉമ്മറത്തേക്ക് വന്നു.അശോകൻ അടുത്ത വീട്ടിലെ സുഗുണനെ വിളിച്ചു.അപ്പോൾ അവരുടെ വീട്ടിൽനിന്ന് സുഗുണന്റെ ഭാര്യ പുറത്തേക്ക് വന്നു .എന്താ അശോകേട്ടാ..? നിങ്ങൾ എവിടേക്ക്

*പോകുവാ വസ്തൊക്കെ മാറ്റി നിൽക്കുന്ന അശോകൻ ഉറക്കേ ചോദിച്ചു. അതേ ഇന്നലെ രാത്രി പഞ്ചായത്തിൽ നിന്ന് കുറച്ചു ആളുകൾ വന്നിരുന്നു അവര് പറയണത് ഈ പറമ്പലും പാടത്തും റോഡിലൊക്കെ കെട്ടി- നിൽക്കുന്ന വെള്ള എന്തൊക്കെ രോഗങ്ങൾ പരത്തുവത്രെ അ പ്പോൾ ഞങ്ങൾ ക്യമ്പിലേക്ക് പോവാ. നിങ്ങളെ കുറെ വിളി- ച്ചു. പക്ഷെ വെളിച്ചം കത്തുന്ന -ണ്ടായിരുന്നില്ല വീട്ടിനുള്ളീന്ന് സുഗുണേട്ടൻ ഇങ്ങ്പോന്നു. ഇതും പറഞ്ഞ് സ്ഗുണന്റെ ഭാര്യ അകത്തേക്ക് പോയി. അശോകൻ ഒരു പരിഭ്രമത്തോടെഅകത്തേക്ക് ചെന്ന് ചോദിച്ച അമ്മേ നമ്മക്കും പോകാം. എവിടേക്ക് എന്ന് അമ്മ ഉറക്കെ ചോദിച്ചു. താ അപ്പുറത്തേ വീട്ടിലേ എല്ലാവരും പോകുവാ നമ്മു ക്ക് ബന്ധുക്കളൊന്നും ഇല്ലല്ലോ ബന്ധുവീട്ടിലേക്ക് പോവാൻ ഇതും പറഞ്ഞ് അശോകൻ നിന്നു. അമ്മ അശോകനോട് ചോദിച്ച"അതേ നീ ഗീതക് വിളിചോ അവള് തോട്ടിന്റെ വകത്താണ് .അവൾക്കാണെങ്കിൽ കെട്ട്യോ നമില്ല ആൺകുട്ടികളുമില്ല അവളും ആ കുട്ടിയും മാത്രം നീ പോയിട്ട് അവരെ ഇങ്ങോട്ട് വിളിക് അപ്പോ നമ്മുക് എല്ലാർകും കൂടി അങ്ങട് പോകാലോ”" അമ്മേ ഞാൻ ഗീതയേയും കുട്ടിയേയും കൂടീട്ട് വരാം നിങ്ങള് പൊകോ”" ഇല്ല ഗീതയില്ലാതെ ഞാൻ വരില്ല”അമ്മ ശാഠ്യം പിടിച്ചു . അമ്മയുടെ നിർബന്ധം കാരണം അശോകൻ കുട്ടനാട്ടിലുള്ള ഗീതയുടെ അടുത്തേക്ക്പോയി . അപ്രതിക്ഷമായിതോണി മറിഞ്ഞ് അശോകൻ മരിച്ചു. അശോകൻ മരിച്ചത് വീട്ടിൽ അറിഞ്ഞില്ല. അശോകന്റെ മരണം വീട്ടിലെ സന്തോഷം തല്ലികെടുത്തി ദു: ഖത്താൽകുട്ടനാട്ടിലേക് പോയി പന്ത്രണ്ട്ദിവസം കഴിഞ്ഞ് വീട്ടിലേക് തിരിച്ചെത്തി. എന്നിട്ടും അവരുടെ ദു: ഖങ്ങൾക് അറ്റമു- ണ്ടായിരുന്നില്ല. ഗൃഹനാദൻ ഇ- ല്ലാത്ത വീട്ടിൽ അനാദരെപോലെ കഴിച്ചുകൂട്ടി..........*

# പ്രളയനാൾവഴികളിലൂടെ അപ്പുവിന്റെ യാത്ര

*SHREYA.P.SHAJI*

*ഇരുട്ടു മങ്ങിയ ദിവസം. പ്രകൃതി അനങ്ങാതെ നിൽക്കുന്നു. സന്ധ്യ മയങ്ങി. വിളക്കുവെച്ച് അമ്മയുടെ അടുത്തേക്ക് ഓടിവരുന്ന അപ്പു. ' അമ്മേ അമ്മേ' പ്രകൃതി അനങ്ങാത്തത് എന്തുകൊണ്ടാണ്. ജീവജാലങ്ങളും അനങ്ങുന്നില്ലല്ലോ. എന്തിനാ അപ്പൂ നീയിങ്ങനെ ചോതിക്കുന്നത് . പോയിരുന്ന് പഠിക്കു സന്ധ്യ മയങ്ങി തുടങ്ങി. അമ്മയുടെ വാക്കുകൾകേട്ടിട്ടും- അപ്പുവിന്റെ മനസ്സിലെ ചിന്ത നിലച്ചില്ല. അതും ആലോചിച്ച് ആ രാത്രി അവൻ കിടന്നു. ഒരു മഹാസാഗര പ്രളയം പോലെ അവന്റെ അടുത്തേക്ക് അവന്റെ ചിന്ത ആഞ്ഞടിച്ചു. കണ്ണുതുറന്നാൽ കാണുന്നത് വെള്ളത്തിൽ താഴ്ന്ന് കിടക്കുന്ന മനുഷ്യരെയും മൃഗങ്ങളെയും. സ്വന്തം ജീവനുവേണ്ടി അലറിക്കരയുന്ന ജനങ്ങൾക്കിടയിൽ അപ്പുവിന്റെ അമ്മയും ഉണ്ടായിരുന്നു. അലറിക്കരയാൻ പറ്റാത്ത അവസ്ഥ. സ്വന്തം ജനങ്ങളെ തിരിച്ചറിയാൻ പറ്റാത്ത വിഷമം*

*വീടുകളും മരങ്ങളുംഒലിച്ച്പോകുന്നു . ജനങ്ങൾമരിച്ചു തുടങ്ങി. പ്രകൃതി അന്ധകാരം കൊണ്ട് നിറഞ്ഞു. ഭീകരശബ്ദങ്ങൾക്കിടയിൽ അസുര നൃത്തമാടുന്ന ജലത്തെ കണ്ട് അപ്പു വിറച്ചുപോയി. ആരെയും ആശ്രയികാൻ പറ്റാതെ - നിൽക്കുന്ന ജനങ്ങളും, സ്വന്തം ജീവന്റെ നിലനിൽപ്പിന് വേണ്ടി കരഞ്ഞുകൊണ്ട് അഭ്യർത്തിക്കുന്ന കേരള ജനതയെ കണ്ട് അപ്പുവിന്റെ മനസ്സിന് പേടിതോന്നി. ഇതുവരെ ഒരു ശബ്ദവും ഇല്ലാതെ സ്തംഭിച്ചു നിന്നിരുന്ന പ്രകൃതി  എങ്ങനെയാണ് ഒരു നിമിഷത്തിൽ ഇത്രയും അപകടകരമായ സംഭവം ഉണ്ടാക്കിയതെന്ന് അപ്പുവിന്റെ മനസ്സിലൂടെ കടന്നുപോയി. ഞാൻ ഒററക്കാണോ എന്തുകൊണ്ടാ എന്റെ അമ്മയെ എന്തുകൊണ്ടാണ് എന്റെ അടുത്തേക്ക് അത് വരാത്തത്. എന്റെ അമ്മയെ*



എന്തിനാണ് കൊണ്ടുപോയത്. ജനങ്ങൾക്ക് എന്ത് കൊണ്ടാണ് ഇത്തരതിലൊരു അവസ്ഥ വന്ന് പെട്ടത്. ഈ ചോദ്യങ്ങൾ അലഞ്ഞുതിരിഞ്ഞുനടന്നു. പെട്ടന്നാണ് അവന്റെ അമ്മയുടെ ശബ്ദം അവൻ കേട്ടത്. അപ്പൂ, അപ്പൂ നീ കിടന്നുറങ്ങുകയാണോ. നേരം വെളുത്തു. നീ ഇപ്പോഴും സ്വപ്നം കണ്ടുകൊണ്ടിരിക്കുകയാണോ വേഗം എഴുന്നേൽക്കൂ. അമ്മേ, അമ്മേ ഞാൻ ഇന്നലെ ഓരു സ്വപ്നം ആയിരുന്നു. അതെന്തണെന്ന് അമ്മക്ക് അറിയാമോ? വേണ്ട വേണ്ട നീ ഇനി അതും അലേചിച്ച് നടക്കേണ്ട. നീ സ്വപ്നം കണ്ടത് എന്താണെന്ന് എനിക്ക് മനസിലായി. ആഞ്ഞടിക്കുന്ന പ്രളയമല്ലോ. അതെ അമ്മേ. അമ്മയക്ക് ഇതെങ്ങനെ മനസ്സിലായി നീ ഇന്നലെ എന്നോട് ചോദിച്ചില്ലേ എന്തുകൊണ്ടാണ് പ്രകൃതി ശാന്തമായി ഇരിക്കുന്നതെന്ന്. വലിയ ദുരന്തങ്ങൾവരുന്നതിനുള്ള സൂചനയാണ് പ്രകൃതി സ്തംഭിക്കുന്നത്. അതൊരു പ്രളയത്തിന്റെ രൂപത്തിൽ നിന്റ സ്വപ്നത്തിലേക്ക് കടന്നു വന്നു. അല്ലേ..? അതെ അമ്മെ. എന്തു കൊണ്ടാണ് ഭീകരമായ പ്രളയങ്ങൾ ഉണ്ടാകുന്നത്. അപ്പൂ പ്രളയം എന്നത് ആർക്കും ചിന്തിക്കാൻ കഴിയുന്നതല്ല. അത് പല രൂപത്തിലും വരാം. ദുഷ്ടരായ മനുഷ്യർ പുഴകളെ കൊന്നു. എന്നാൽ മഴ എന്ന കൂട്ടുക്കരൻ ഉണ്ടായിരുന്നു എന്ന് ആരും അറിഞ്ഞില്ല. അപ്പുവിന്റെ ചിന്തക്കുള്ള ഉത്തരം അമ്മയുടെ വാക്കുകളിൽ നിന്ന് അവന് ലഭ്യമായി. അങ്ങനെ അപ്പു പ്രളയത്തിന്റെ വഴികളിലൂടെ സഞ്ചരിച്ചു. ഇങ്ങനയൊരു യാത്ര ആർക്കും ഉണ്ടാവരുത് എന്ന ചിന്തയിലൂടെ അപ്പുവിന്റെ കഥ അവിടെ അവസാനിച്ചു.

# പ്രണയിനി



തേജസ് വിൽസൻ
X.A

*പ്രണയമാകുന്ന വഴിയിൽ നടന്നു ഞാൻ*
*സത്യമാം സ്നേഹത്തെ തിരഞ്ഞു ഞാൻ*
*പ്രണയമാകുന്ന വഴിയുടെ അന്ത്യമായെങ്കിലും -സഖീ*
*ഞാനറിഞ്ഞില്ല നിഴലായ് എൻ കൂടെ നടന്നത്*
*പ്രാണസഖിയാം എൻ പ്രണയിനി നീയാണെന്ന്.*
*നീയറിയാതൊരു ചെറുപുഷ്പമായന്നു*
*എൻ മാറിലേയ്ക്കായ് നീ കടന്നു വന്നു*
*ഒരുപാട് പ്രണയിച്ചു ഞാൻ നിന്നെ*
*ഒരുപാട് സ്നേഹിച്ചുവെങ്കിലും പ്രിയസഖി*
*ഒരു തുള്ളി കണ്ണുനീർ മാത്രമായി*
*ഓർക്കുന്നു നിന്നെ ഞാൻ ഓർത്തിടുന്നു.*
*നിൻ ചടുലോൽപലദളയുഗളമന്നെന്നെ*
*പ്രണയവീഥിയിലേക്കാനയിച്ചു.*
*ഒരുപാട് പ്രണയിച്ചു ഞാൻ നിന്നെയെങ്കിലും*
*ഒരു ചെറു പുഷ്പമെന്നപോൽ മാഞ്ഞുപോയ് നീ*
*എന്റെ പ്രാണപ്രിയേ നിൻ മൃത്യുവന്നെന്നെ*
*ജീവിത വീഥിയിൽ ശൂന്യനാക്കി*
*പ്രിയസഖീ നീയൊരു മായാചിത്രമായ്*
*എന്നുമെൻ ഹൃദയത്തിലാഴ്ന്നിരിക്കും*
*എന്നുമെൻ ഹൃദയത്തിലാഴ്ന്നിരിക്കും*

# കാർബൺ: അത്ഭുതങ്ങളുടെ അമരക്കാരൻ



കൃഷ്ണദാസ്
(അദ്ധ്യാപകൻ)

കാർബൺ  ജനനം:പൂർവികരാൽ മാത്രം അറിയുന്നത് .
ഉറവിടം:അജ്ഞാതം .
ഉറവിടനാമം:ലാറ്റിൻ പേരായ കാർബോ എന്നറിയപ്പെടുന്ന കരിയിൽ നിന്നും .

ഈ പ്രപഞ്ചത്തിന്റെ ജീവിത താള സ്പന്ദനങ്ങളുടെ നിലനിർത്തുവാൻ , ആറാം നിരക്കാരൻ . ഒരുപാട് സവിശേഷതകളുള്ള ഒരു മൂലകം . കാർബൺ എന്ന കരിരൂപത്തിന് (ഒരുപക്ഷേ ) ഇത്രയധികം യഥാർത്ഥത്തിൽ മാനവരാശിയെ അത്ഭുതപരതന്ത്രരാക്കുന്ന എന്നതാണ് സത്യം . നമ്മുടെ ഭക്ഷണം ,നാം ധരിക്കുന്ന വസ്ത്രം ,നാം ധരിക്കുന്ന വസ്ത്രം ,നാം ഉപയോഗിക്കുന്ന സൗന്ദര്യ വർദ്ധകവസ്തുക്കൾ ,നാം നിത്യേന ഉപയോഗിക്കുന്ന ഇന്ധനങ്ങൾ ഇതിലെല്ലാം അധികാരഭാവത്തിൽ നിലയുറപ്പിച്ചിരിക്കുകയാണ് മൂലകം . ഈ പ്രപഞ്ചത്തിലെ കോടാനുകോടി ചരാചരങ്ങളുടെ പരസ്പരബന്ധത്തിലെ ഒരു പ്രധാന കണ്ണിയായി മാറിയിരിക്കുകയാണ് ഈ മൂലകം എന്നതാണ് പൊരുൾ . സൂര്യനിലും നക്ഷത്രങ്ങളിലും ഗ്രഹങ്ങളിലും അന്തരീക്ഷത്തിലും ഭൂമിയിലെ പുല്ല് , പുൽച്ചാടി എന്നുവേണ്ട സകലതിന്റേയും ഭാഗമായി മാറിയിരിക്കുന്നു കാർബൺ എന്ന മൂലകം .കാർബൺ അടങ്ങിയ സംയുക്തങ്ങളെ , വായുവിലും ജലത്തിലും കാർബൺ ഡൈ ഓക്സൈഡ് കാണുന്നത്പോലെ അകാർബണിക സംയുക്തങ്ങൾ , പാറകൾ, ജീവവസ്തുക്കൾ എന്നിവയും കാർബൺ നിബന്ധിതമായിരിക്കുന്നു . പല  പാറക്കെട്ടുകളിലും കാർബൺ , കാർബണൈറ്റ് സംയുക്തങ്ങളായി കാണപ്പെടുന്നു . ചുണ്ണാമ്പുപാറകൾ ഇതിന് പ്രത്യക്ഷോദാഹരണമാണ് . കാർബൺ സംയുക്തമായ കാർബൺ ഡൈ ഓക്സൈഡ് ആണ് അന്തരീക്ഷത്തിൽ കാണുന്ന ഒരു പ്രധാന വാധകം . അതുതന്നെയാണ് ജലത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നതും അന്തരീകിഷത്തിൽ കാർബൺ  ഡൈ ഓക്സൈഡിന്റെ അളവ് താരതമ്യേന കുറവാണെങ്കിലും ഇവിടെ ജീവൻ നിലനിൽക്കാൻ ആവശ്യമായ താപം നൽകി സംരക്ഷിക്കുന്നതും

ഇതേ വാതകമത്രേ . ഇതിന്
ഉദാഹരണമായി ഗ്രീൻ ഹൗസുകളുടെ
പ്രവർത്തനം ചൂണ്ടികാണിക്കാം .18 ഡിഗ്രി
സെൽശസിലുള്ള
കാർബൺ ഡൈ ഓക്സൈഡിന്റെ
അന്തരീക്ഷത്തിൽ നില
നിന്നിരുന്നില്ലെങ്കിൽ നമ്മുടെ
സമുദ്രങ്ങളെല്ലാം എന്നേ ഘനീഭവിച്ചേനെ !
കാർബണിക തൻമാത്രകളുടെ
നിർമ്മിതിക്കാവശ്യമായ കാർബൺ
നൽകുന്നത് ഈ കാർബൺ ഡൈ
ഓക്സൈഡാണ് . ഈ കാർബൺ ചക്രത്തിൽ
ചെടികളും ജീവികളും പരിസ്ഥിതിയും
തുടർച്ചയായി
കാർബൺ കൈമാറികൊണ്ടിരിക്കുന്നു .
ചെടികൾ അന്തരീക്ഷത്തിൽ നിന്ന് കാ
ർബൺ ഡൈ ഓക്സൈഡിനെ
വലിച്ചെടുക്കുന്നതും ഈ ചക്രത്തിന്റെ
അനസ്യൂതമായ പ്രവർത്തനത്തിന്
വഴങ്ങിയിട്ടാണ്.ഭൂമിയിൽ ചെടികളെ
നിലനിർത്തി കൊണ്ടു വരുന്ന വലിയ
പ്രതിഭാസമായ പ്രകാശ സംശ്ലേഷണമെന്ന
പ്രക്രിയ
കാർബൺ ഡൈ ഓക്സൈഡിന്റെ
അഭാവത്തിൽ നടക്കുക
അസാദ്ധ്യമാണ്.ജന്തുക്കളും സസ്യങ്ങളും മറ്റു
ജീവജാലങ്ങ
ളും ജീവിക്കുമ്പോഴും മണ്ണടിയുമ്പോഴും
കാർബൺ എന്ന ഈ അത്ഭുത
കാവൽക്കാരന്റെ പ്രകടനം പ്രപഞ്ചത്തിന്റെ
സങ്കീർണ്ണത നമ്മെ ബോധ്യപ്പെടുത്തുന്നു
കാർബണിന്റെ അതിശയിപ്രിക്കുന്ന മറ്റൊരു
പ്രത്യേകതയാണ് രൂപാന്തരത്വം.ഒരേ
മൂലകം ത
ന്നെ പല ഭൗതിക രൂപങ്ങളിൽ
പ്രത്യക്ഷപ്പെടുന്നുവെന്നുള്ളതാണ് ഇത്.
ഇതിൽ പ്രധാനമായി കാണപ്പെടുന്നത് മൂന്ന്
രൂപാന്തരങ്ങളാണ്.ഏറ്റവും
കാഠിന്യമേറിയത് കണ്ണഞ്ചിപ്പിക്കുന്ന
സവിഷേശതകളോട് കൂടിയ അനർഘമായ
വജ്രം.
ഏറ്റവും ചെറിയ വജ്ര രൂപത്തിൽ
കാർബൺ,ഉത്ക്കകളിൽ പോലും
പ്രത്യക്ഷപ്പെടുന്നവരത്രെ!
പ്രകൃതിദത്ത വജ്രം ആദ്യമായി
കാണപ്പെടുന്നത് ദക്ഷിണാഫ്രിക്കയിലെ
കിമ്പർലിയിലെ{വൈരപട്ടണമെന്ന് ഖ്യാതി
നേടിയ}പുരാതന ഖനികളി
ലാണ്.ഈയിടെ സുപ്രതീക്ഷമുനമ്പിലെ
പാദസ്പർഷമേറ്റുകിടക്കുന്ന ആഴക്കടലിന്റെ
അഗാധതയിൽ നിന്നും
ധാരാളംവജ്രംവേർതിരിച്ചെടുക്കപ്പെട്ടിരിക്കുന്നു.
കാർബൺ നൈട്രജൻ ചക്രത്തിൽ
സൂര്യതാരകങ്ങളുടെ ഊർജ്ജം ഭാഗികമായി
ലക്ഷണമായി കാണപ്പെടുന്നുവെന്നത്
അതിശകരമാണ്
കാർബൺ ആറ്റങ്ങളുടെ ഘടനയിലുള്ള
അതിശയിപ്പിക്കുന്ന മാസ്മരികതയാണ്
അതിനെ വെട്ടിത്തിളങ്ങുന്ന
ആഭരണസമുച്ചയത്തിന്റെ ഒന്നാംനിരയിത്തി
ച്ചത്.പ്രകാശത്തെ പ്രതിഫലപ്പിച്ച് തിളക്കം
വർദ്ധിപ്പിക്കുക
എന്നത് ഇതിന്റെ ഒരു പ്രത്യേകതയായി
നില കൊള്ളുന്നു.

# ലിറ്റിൽ കൈറ്റ്സ്



ശ്രീകുമാർ.എ
(അദ്ധ്യാപകൻ

*വിവര സാങ്കേതിക വിദ്യയുടെ വിശാലമായ ആകാശം ഇനി കുട്ടികളുടെ ഉള്ളം കൈകളിലേക്ക് . ഐ .ടി വിജ്ഞാനം പകർന്ന് വിദ്യാർത്ഥികളെ സ്മാർട്ടാക്കാൻ കുട്ടിപോലീസ് മാതൃകയിൽ സംസ്ഥാനത്ത് എല്ലാ വിദ്യാലയങ്ങളിലും "ഹൈസ്കൂൾ കുട്ടിക്കൂട്ടം "പദ്ധതി തുടങ്ങി . ഒരു ലക്ഷം കുട്ടികൾ ഈ വർഷം ഉൾപ്പെടുത്തി . നമ്മുടെ വിദ്യാലയത്തിലും 40 കുട്ടികൾ ഈ പദ്ദതിയിൽ അംഗങ്ങളായി . ആനിമേഷൻ , മൾട്ടിമീഡിയ , ഹാർഡ് വെയർ , ഇലക്ട്രോണിക്ക് ഭാഷാ കംമ്പ്യൂട്ടിംഗ് , ഇന്റർനെറ്റും സൈബർ സുരക്ഷയും എന്നീ അഞ്ചു മേഖലകളിൽ കുട്ടികളുടെ അറിവ് വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം . കുട്ടി ക്കൂട്ടായ്മയുടെ സ്കൂൾ തല പ്രവർത്തനങ്ങൾ പി . ടി .എ പ്രസിഡണ്ട് , ചെയർമാനും എച്ച് . എം കൺവീനറും ആയ സമിതിയാണ് ഏകോപിക്കുന്നത് . ക്ലാസ് സമയം നഷ്ടപ്പെടുത്താതെയാണ് പ്രവർത്തനം നടന്നുവരുന്നത് . പരിശീലനം ലഭിച്ച കുട്ടികളെ ഉപയോഗിച്ച് മറ്റ കുട്ടികൾക്കും , രക്ഷിതാക്കൾക്കും ബോധവൽകരണവും പരിശീലനം നൽകും . അതിൽ 100% കമ്പ്യൂട്ടർ സാക്ഷരത ഉറപ്പ് വരുത്തും . ഇന്റർനെറ്റ് സുരക്ഷിതത്വ പ്രവർത്തനങ്ങളിൽ ഗൂഗിൾ ,ഇലക്ട്രോണിക്സിൽ അപ് മിഷൻ , സ്വതന്ത്ര മലയാളം കംമ്പ്യൂട്ടിംഗ് എന്നിങ്ങനെ വിവിധ തരം ഏജൻസികളുടെ പങ്കാളിത്തം ഈ പദ്ദതിയ്ക്ക് ഉണ്ട്.*

*I C T സങ്കേതങ്ങൾ കുട്ടികൾക്ക് ആഴത്തിലും പരപ്പിലും സായത്വമാക്കാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട് . വിദ്യാലത്തിലെ I C T അദ്യഷ്ഠിത പഠനത്തിന്റെ മികവ് കൂട്ടാനാവും . സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാനും കുട്ടികളുടെ സഹകരണമുണ്ടെങ്കിൽ ഈ പദ്ദതി നമ്മുടെ സ്കൂളിലും മുന്നോട്ടു കൊണ്ടുപോകാൻ കഴിയും . നമ്മുടെ സ്കൂളിൽ 14 സ്മാർട്ട് മുറികൾ ഇപ്പോളി ഉണ്ട് . ഈ ക്ലാസ് മുറികളുടെ I C T ഉപകരണങ്ങളുടെ സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നുണ്ട് . ഈ പദ്ദതിയിൽ ഉൾപ്പെട്ട കുട്ടികൾ നേതൃത്വം നൽകേണ്ടതാണ് അവയുടെ സുരക്ഷിതത്വവും പ്രവർത്തന രീതിയും ഉറപ്പുവരുത്തുന്നതിന്റെ ചുമതല കുട്ടിക്കൂട്ടം അംഗങ്ങൾക്ക് തന്നെയാണ് . ഈ രീതിയിൽ കമ്പ്യൂട്ടർ പ്രാവീണ്യമുള്ളവരാക്കി സമൂഹത്തിന് ഗുണകരമായ വികസനം കണക്കാക്കാൻ കുട്ടിക്കൂട്ടം ക്ലബ്ബിന് ഒരായിരം ആശംസകൾ*

# ജീവിതം



ഓമന.സി.കെ
അദ്ധ്യാപിക

ലക്ഷ്യബോധമില്ലാത്ത ചിന്തകളുടെ
തടവറയിലകപ്പെട്ട്
ജീവിതത്തെ തളച്ചിടാതെ
നാം ജീവിതത്തെ പ്രണയിക്കണം
ജീവിതത്തിൽ പ്രകാശത്തെ മരണത്തിൻ
നിഴൽ പിന്തുടരുന്നുവെന്നറിഞ്ഞിട്ടും
ജീവ്തത്തിലെ ഓരോ നിമിഷങ്ങളേയും
ഞാൻ പ്രണയിക്കുന്നു
മൂല്യങ്ങൾ നശിച്ചു തുടങ്ങിയ ഈ ലോകത്തിൽ
മനുഷ്യഹൃദയങ്ങളിലെ സ്നേഹത്തിൽ
നീരുറവ വറ്റിപ്പോയി
പക്ഷെ എൻ ഹൃദയത്തിൽ
സ്നേഹത്തിൻ സമുദ്രം അലയടിച്ചിരുന്നു
അദൃശ്യമാം മതിൽ കെട്ടുകളെ ഭേദിച്ചു
ഞാൻ ജീവിതത്തെ പ്രണയിക്കുന്നു
സൂര്യൻ കടലിൽ മുങ്ങി മരിച്ചാലും
നാളയൊരായിരം പ്രതീക്ഷകളുടെ
സിന്ദൂര രേഖകൾ ചാർത്തിയതു പുനർ ജനിക്കും
പക്ഷെ ജീവിതം ഒന്നേയുള്ളൂ
അതൊരുപാടൊരുപാട് വിലയേറിയത്ണ്
അതിനാൽ ജീവിതത്തിലെയോരൊ
നിമിഷങ്ങളേയും നാം പ്രണയിക്കണം

# ദ്വിദിന ശിൽപശാല



മില്ലി.കെ.പി
അദ്ധ്യാപിക

കേരള സർക്കാർ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പാസ് വേഡ് 2018 2019 വ്യക്തിത്വ വികസനകരിയർ ഗൈഡൻസ് ദ്വിദിന ശിൽപശാല ഡിസംബർ 2223 തിയ്യതികളായി നമ്മുടെ സ്കൂളിൽ നടത്തി . 100 കുട്ടികളാണ് ഇതിൽ പങ്കെടുത്തത് . പി.ടി.എ യുടെ പരിപൂർണ്ണ സഹകരണത്തോടെ 22ാം തിയ്യതി രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. 10 മണിക്ക് ഉദ്ഘാടനത്തിനുശേഷം പരിചയപ്പെടൽ, മോട്ടിവേഷൻ,ഗോൾസെറ്റിങ് ക്ലാസ്സുകൾ നടത്തി. SSLC പരീക്ഷക്കുള്ള ഒരു മോട്ടിവേശനം,SSLC കഴിഞ്ഞ് തുടർ പഠനം എങ്ങനെ നടത്തണം എന്ന് സാധാരണക്കാരായ നമ്മുടെ പല വിദ്യാർത്ഥികൾക്കുമുള്ള അജ്ഞാത മാറ്റുവാൻ ഇതു കൊണ്ടു സാധിച്ചു.ഉച്ചക്ക് ശേഷം വ്യക്തിത വികസനം,ഔട്ട് ഡോർ ഗെയിംസ്, സൈബർ കുറ്റകൃത്യങ്ങൾ എന്നീ മേഖലകളിൽ ക്ലാസുകൾ നടന്നു.സ്വഭാവത്തിലെ വൈകല്ല്യങ്ങൾ സ്വയം കണ്ടത്തി എങ്ങനെപരിഹരിക്കാം എന്നുള്ള അനുഭവം കുട്ടികളിലെ പുതിയ വ്യക്തികളാക്കാൻ സാധിച്ചു.ഓട്ട് ഡോർ ഗെയിംസ് അവരെ ഭൂതകാലത്തേക്ക് നയിക്കുവാനും,എല്ലാം മറന്ന് കളിക്കുവാനും പ്രാപ്തരാക്കി സൈബർ കുറ്റകൃത്യങ്ങൾ ഏറുന്ന സാഹചര്യത്തിൽ Sub Inspecter of police എടുത്ത ക്ലാസ് എന്തു കൊണ്ടും വളരെ ഉചിതമായി.വൈകുന്നേരം പൂർവ്വ വിദ്യാർത്ഥികളുടെ കലാ പരിപാടികളോടെ അന്നത്തെ
ദിവസത്തെ ക്യാമ്പ് അവസാനിച്ചു.

23ാം തിയ്യതി രാവിലെ 5 മണിയുടെഉണർത്തുപാട്ടോടുകൂടി രണ്ടാം ദിവസം ആരംഭിച്ചു.6 മണി യോഗ ആരംഭിച്ചു. നമ്മുടെ കുട്ടികൾക്ക് ഒരു  അനുഭവമായിരുന്നു. ജീവിതത്തിലെ ഏകാഗ്രതയും, കൃത്യനിഷ്ഠയും വളർത്താൻ യോഗ വളരെ ഉത്തമമാ ണെന്ന് കുട്ടികൾക്ക് അനുഭവപ്പെടുത്താൻ നമുക്ക് സാധിച്ചു.കരിയർഗൈഡൻസ്,

ലീഡർ ഷിപ്പ് &ടൈം മാനേജ്മെന്റ് എന്നീ മേഖലകളിൽ വിശദമായ ക്ലാസ്സുകൾ നടന്നു.ലീഡർഷിപ്പ് ക്വാളിറ്റി എങ്ങനെ വരുത്താമെന്ന സമയം കൃത്യമായി എങ്ങനെ ഉപയോഗിക്കണമെന്നും സമയത്തെ പിടിച്ചുനിർത്താൻ കഴിയാത്തതാണെന്നും അതുകൊണ്ട് നമ്മൾ അതിനൊപ്പം ചിട്ടയോടെ സഞ്ചരിക്കണമെന്നും കുട്ടികളെ വിശദമായി ഓർമപ്പെടുത്തലായി മാറി ഈ ക്യാമ്പുകൾ.തുടർന്നുള്ള ചർച്ചാക്യാമ്പുകളിൽ ഭാവി വിദ്യാഭ്യാസത്തിന് ഏതു മേഖലകളിൽ പോകണമെന്നുള്ള സംശയനിവാരണം നടത്തി.കുസൃതി ചോദ്യമത്സരങ്ങളും സമയകൃത്യയെ പറ്റിയുള്ള പഠനവേദിയായി മാറി.ക്യാമ്പിൽ പങ്കെടുത്ത കുട്ടികളിൽ നിന്ന് നന്ദന.സി,മുഹമ്മദ് അജ്മൽ എന്നീ വിദ്യാർത്ഥികളെ ബെസ്റ്റ് സ്റ്റുഡെൻസ് ആയി തിരഞ്ഞെടുക്കപ്പെട്ടു.കൃത്യം നാല് മണിക്ക് സമാപനസമ്മേളനം ആരംഭിച്ചു.ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തി.വേറിട്ട അനുഭവമായി മാറി.കുട്ടികൾക്ക് ഒരുദിശാബോധം വളർത്താൻ ഇതു കൊണ്ട് നമുക്ക് സാധിച്ചു